(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടുസഹിതം)

നം.കെ.എസ്.എ/ഐ.ഡി.കെ-4/1202/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം,
ഇടുക്കി, തൊടുപുഴ
Phone : 04862 227332
E-mail : doidk.ksad@kerala.gov.in

തീയതി. 03.09.2016.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കട്ടപ്പന നഗരസഭ

സർ

വിഷയം : **കട്ടപ്പന നഗരസഭ** – 01.11.2015 മുതൽ 31.03.2016 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച് –

**************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരള നഗര പാലികാ നിയമം, വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കട്ടപ്പന നഗരസഭ**യുടെ 01.11.2015 മുതൽ 31.03.2016 വരെയുള്ള ധനകാര്യപത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം** 2ലെ 2-1 ഖണ്ഡികയിലേയ്ക്കും **ഭാഗം** 3ലെ 3-1, 3-6 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം).

3) ഡയറക്ടർ നഗരകാര്യവകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി(ഉപരിപത്രം സഹിതം).

5) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/ഐ.ഡി.കെ-4/1202/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം,

ഇടുക്കി, തൊടുപുഴ
Phone : 04862 227332

*E-mail : doidk.ksad@kerala.gov.in*
തീയതി. 03.09.2016.

# ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയുടെ 01.11.2015 മുതൽ 31.03.2016 വരെയുള്ള ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994ലെ കേരള നഗര പാലികാ നിയമം, വകുപ്പ് 295(4), 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**********************************

ഇടുക്കി ജില്ലയിലെ **കട്ടപ്പന നഗരസഭ**യുടെ 01.11.2015 മുതൽ 31.03.2016 വരെയുള്ള ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.11.2015 മുതൽ 12.08.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജെസ്റ്റോ പോൾ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.08.2016 മുതൽ 26.08.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. കെ.കെ. വിനോദ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീ. ടി.ഒ. പോളി, ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. മേജോ കെ. ജോർജ്ജ്, സീ. ഗ്രേ. ഓഡിറ്റർ |
| | | ശ്രീ. സാമുവൽ രാജ് ആർ., സീ. ഗ്രേ. ഓഡിറ്റർ |
| | | ശ്രീ. ജോമോൻ ഫ്രാൻസിസ്, ഓഡിറ്റർ |

## (ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| <u>പ്രസിഡന്റ്</u> | | |
| ശ്രീ. ജോണി കുളമ്പള്ളി | : | 01.11.2015 മുതൽ 31.03.2016 വരെ |
| <u>സെക്രട്ടറി</u> | | |
| ശ്രീ. പി. വി. ബിജു | : | 01.11.2015 മുതൽ 31.03.2016 വരെ |
| <u>അസിസ്റ്റന്റ് എഞ്ചിനിയർ</u> | | |
| ശ്രീ. പി. എസ്. സണ്ണി | : | 01.11.2015 മുതൽ 31.03.2016 വരെ |
| | | |

| | | |
|---|---|---|
| **<u>കൃഷി ഓഫീസർ</u>** | | |
| ശ്രീ. സജീവ് | | 01.11.2015 മുതൽ 31.03.2016 വരെ |
| **<u>വി.ഇ.ഒ.</u>** | | |
| ശ്രീമതി. റീനാമോൾ ചാക്കോ | : | 01.11.2015 മുതൽ 31.03.2016 വരെ |
| **<u>ഐ.സി.ഡി.എസ്. സൂപ്പർവൈസർ</u>** | | |
| ശ്രീമതി. ഇന്ദുലേഖ | : | 01.11.2015 മുതൽ 31.03.2016 വരെ |
| **<u>മെഡിക്കൽ ഓഫീസർ(ആരോഗ്യം)</u>** | | |
| ഡോ. സുരേഷ് എസ്. | : | 01.11.2015 മുതൽ 31.03.2016 വരെ |
| **<u>മെഡിക്കൽ ഓഫീസർ (ഹോമിയോ)</u>** | | |
| ഡോ. ബീന | : | 01.11.2015 മുതൽ 31.03.2016 വരെ |
| **<u>മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)</u>** | | |
| ഡോ. ആൻസി തോമസ് | : | 01.11.2015 മുതൽ 31.03.2016 വരെ |
| **<u>വെറ്ററിനറി സർജൻ</u>** | | |
| ഡോ. മായ ജോർജ്ജ് | : | 01.11.2015 മുതൽ 29.01.2016 വരെ |
| ഡോ. പി. വി. ഗീതമ്മ | : | 30.01.2016 മുതൽ 31.03.2016 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം 3 | |
| 14 | കട്ടപ്പന ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല | 3-1 |
| 15 | എസ്.എസ്.എ. വിഹിതം – കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല | 3-2 |
| 16 | കുടിവെള്ള പദ്ധതികൾ - അപാകതകൾ | 3-3 |
| 17 | മരാമത്ത് പ്രവൃത്തി – തുക നല്കുന്നതിലെ അപാകതകൾ | 3-4 |
| 18 | മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ | 3-5 |
| 19 | പുളിയൻമല പട്ടികജാതി കോളനി ലാൻഡ്സ്കേപ്പിംഗ്, സംരക്ഷണ ഭിത്തി നിർമിക്കൽ | 3-6 |
| | ഭാഗം 4 | |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |


****************************************

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

30.04.2015ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം മുഖാന്തിരം 01.11.2015 പ്രാബല്യത്തിൽ നിലവിലെ കട്ടപ്പന ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശങ്ങൾ അതേപടി നിലനിറുത്തി 34 കൗൺസിലുകളുള്ള കട്ടപ്പന ആസ്ഥാനമായി കട്ടപ്പന നഗരസഭ രൂപീകരിച്ചു. കട്ടപ്പന ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തേക്കുള്ള ബജറ്റ് തന്നെ തുടരുന്നതിന് കമ്മറ്റി 30.11.2015ന് തീരുമാനിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 12.08.2016 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 20.08.2016 | |

# 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹2,18,56,573 |
| വരവ് | : | ₹11,70,43,013 |
| ആകെ | : | ₹13,88,99,586 |
| ചെലവ് | : | ₹12,92,82,424 |
| നീക്കിയിരിപ്പ് | : | ₹96,17,162 |

# 1-5 ഫണ്ട് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ട്രഷറി സ്റ്റേറ്റ്മെന്റ്, ഗ്രാന്റ് അലോക്കേഷൻ എന്നീ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഫണ്ടുകളുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി ₹ | അലോട്ട്മെന്റ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 2462852 | 7835415 | 10298267 | 9977444 | 96.88 |
| വികസനഫണ്ട് – എസ്.സി.പി. | 5866266 | 1519334 | 7385600 | 5531563 | 74.89 |
| വികസനഫണ്ട് – ടി.എസ്.പി. | 666165 | 322000 | 988165 | 940647 | 95.19 |
| സംരക്ഷണഗ്രാന്റ് – റോഡ് | 6178662 | 3723000 | 9901662 | 8582586 | 86.67 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 2093128 | 1737666 | 3830794 | 1547357 | 40.39 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4272138 | 3731473 | 8003611 | 8003611 | 100.00 |
| പെർഫോമൻസ് ഗ്രാന്റ് | 619720 | 0 | 619720 | 550000 | 88.74 |
| ബി-ഫണ്ട് | 0 | 32039870 | 32039870 | 32039870 | 100.00 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 434 | 220177798 | 340 | 112061812 | 52 | 42 | 78 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 15.24 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 31.10.2015വരെ ഗ്രാമപഞ്ചായത്ത് ആയിരുന്നതിനാൽ ആ കാലയളവിലെ വരുമാനം 2014-15 വർഷത്തെ വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,75,16,667 | 1,67,76,578 | (-)7,40,089 | (-)4.23 |
| നികുതിയേതര വരവുകൾ | 1,47,78,661 | 1,76,28,972 | 28,50,311 | 19.29 |
| മറ്റ് വരവുകൾ | 2,13,964 | 30,58,335 | 28,44,371 | 1329.37 |
| ആകെ | 3,25,09,292 | 3,74,63,885 | 49,54,593 | 15.24 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| പേര് | തുക ₹ | എണ്ണം |
|---|---|---|
| | | |
| തൊഴിൽരഹിത വേതനം | 25800 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 11,29,570 | 169 |
| വിധവാപെൻഷൻ | 63,13,376 | 1046 |
| വാർദ്ധക്യകാലപെൻഷൻ | 73,51,040 | 2253 |
| വികലാംഗപെൻഷൻ | 16,57,847 | 304 |

# 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹6,58,746/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ പ്രധാന രജിസ്റ്ററുകളെല്ലാം തൃപ്തികരമായ രീതിയിൽ പരിപാലിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

– ഇല്ല -

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തുനികുതി, വാടക എന്നീയിനങ്ങളുടെ കുടിശ്ശിക തുകകളും വാർഷിക കണക്കുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. സൃഷ്ടിക്കപ്പെട്ട ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

***************************

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ | സ്ഥാപനം | അർദ്ധ |
|---|---|---|

| നം | | വർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, കട്ടപ്പന | 2 |
| 2 | ക്രിസ്റ്റി ഹോസ്പിറ്റൽ | 2 |
| 3 | ഇൻഡസിൻഡ് ബാങ്ക്, കട്ടപ്പന | 2 |
| 4 | റെയ്ഡ്കോ | 2 |
| 5 | ആദർശ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2 |
| 6 | ബാലാ ഹോസ്പിറ്റൽ | 2 |
| 7 | യൂണികെയർ ഹോസ്പറ്റിൽ | 2 |
| 8 | സെന്റ് സെബാസ്റ്റ്യൻ കോളേജ്, കട്ടപ്പന | 2 |
| 9 | ദീപ്തി കോളേജ്, കട്ടപ്പന | 2 |
| 10 | ക്രൈസ്റ്റ് കോളേജ്, കട്ടപ്പന | 2 |
| 11 | ആശ്രമം കോളേജ്, വാഴവര | 2 |

കൂടാതെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കട്ടപ്പന | 2 |
| 2 | പോപ്പുലർ ഓട്ടോ ഡീലേർസ്, കട്ടപ്പന | 2 |
| 3 | കെ. എൽ എം, ചിട്ട്സ്സ് കട്ടപ്പന | 2 |
| 4 | എസ്. എം എൽ മോട്ടേഴ്സ്, കട്ടപ്പന | 2 |
| 5 | ഇൻഡസിൻഡ് ബാങ്ക്, കട്ടപ്പന | 2 |
| 6 | ജിയോ ഫിൻ, കട്ടപ്പന | 2 |
| 7 | റെയ്ഡ് കോ | 2 |
| 8 | മിനി മുത്തൂറ്റ് നിധി, കട്ടപ്പന | 2 |
| 9 | പൂങ്കുടി ഫോഴ്സ്, കട്ടപ്പന | 2 |
| 10 | ഹെൽത്ത് സർവ്വീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | 2 |
| 11 | ഡോറ മൈക്രോ ഫിനാൻസ് | 2 |
| 12 | ഐ.ഡി.സി.ബി, ഈവനിങ്ങ ബ്രാഞ്ച്, കട്ടപ്പന | 2 |
| 13 | ന്യൂ ഇൻഡ്യ അഷ്യൂറൻസ്, കട്ടപ്പന | 2 |
| 14 | ഫെഡറൽ ബാങ്ക് ലിമിറ്റഡ്, കട്ടപ്പന | 2 |
| 15 | മുത്തൂറ്റ് ഫിൻകോർപ്പ്, പുളിയൻമല | 2 |
| 16 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്, കട്ടപ്പന | 2 |
| 17 | സർവ്വീസ് സഹകരണ ബാങ്ക്, ബസ്റ്റാൻഡ് ശാഖ | 2 |
| 18 | സർവ്വീസ് സഹകരണ ബാങ്ക്, വെള്ളയാംകുടി ശാഖ | 2 |
| 19 | സർവ്വീസ് സഹകരണ ബാങ്ക്, വള്ളക്കടവ് ശാഖ | 2 |
| 20 | എ.വി.ജി മോട്ടേഴ്സ്, കട്ടപ്പന | 2 |
| 21 | വെർട്ടക്സ് സെക്യൂരിറ്റീസ്, കട്ടപ്പന | 2 |
| 22 | കട്ടപ്പന മാർക്കറ്റിംഗ് കോ-ഓപ്പറോറ്റീവ് സൊസൈറ്റി | 2 |
| 23 | കോർപ്പറേഷൻ ബാങ്ക്, കട്ടപ്പന | 2 |
| 24 | സർവ്വീസ് സഹകരണ ബാങ്ക്, പുളിയൻമല ശാഖ | 2 |

തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (4) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

*******************************

## ഭാഗം -3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കട്ടപ്പന ഹോമിയോ ആശുപത്രിക്ക് മരുന്ന ലഭ്യമായില്ല

കട്ടപ്പന ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ) 28.03.2016-ലെ 07/14-15 നമ്പർ ബിൽ പ്രകാരം ₹2,00,000/- പിൻവലിച്ച് 28.03.2016 ലെ ഡി.ഡി. നമ്പർ 765916 പ്രകാരം സംസ്ഥാന ഹോമിയോ കോ-ഓപ്പോറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ₹2,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 എസ്.എസ്.എ വിഹിതം - കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

സർവ്വശിക്ഷാ അഭിയാൻ വിഹിതമായി 28.03.2016ലെ 53/2015-16 നമ്പർ ബിൽ പ്രകാരം ₹4,53,136/- പിൻവലിച്ച് 31.03.2016ലെ 766439 നമ്പർ ഡി.ഡി. പ്രകാരം സർവ്വശിക്ഷാ അഭിയാൻ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ, ഡി.ഡി. കൈപ്പറ്റിയതിന്റെയും തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. അതിനാൽ, ₹4,53,136/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതികൾ - അപാകതകൾ

നഗരസഭ ഓരോ വർഷവും ലക്ഷക്കണക്കിന് രൂപയാണ് കുടിവെള്ള പദ്ധതികൾക്കായി ചെലവഴിക്കുന്നത്. നിലവിലുള്ള പദ്ധതികൾക്കായാണ് ഓരോ വർഷവും ഇപ്രകാരം തുക ചെലവഴിക്കുന്നത്. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ കുടിവെള്ള പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നോ, ഇതിന്റെ ഗുണഭോക്താക്കളുടെ കണക്കോ ഈ പദ്ധതി ഏതെല്ലാം സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട് എന്നോ, എത്ര മീറ്റർ നീളത്തിൽ എവിടെയെല്ലാം പൈപ്പ് ഇട്ടിട്ടുണ്ട് എന്നത് സംബന്ധിച്ചോ ഒരു വിവരവും നഗരസഭയിൽ ലഭ്യമല്ല.

പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തി ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. നിലവിൽ പൈപ്പും പമ്പ്സെറ്റും വാട്ടർ ടാങ്കും ഉള്ള കുടിവെള്ള പദ്ധതികൾക്ക് ഇവ വീണ്ടും വാങ്ങിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തി – തുക നല്കുന്നതിലെ അപാകതകൾ

അസി. എഞ്ചിനീയർ നൽകുന്ന റിക്വിസിഷൻ പ്രകാരം തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ തുകകൾ

നഗരസഭ ഫണ്ടിൽ നിന്നും അസി. എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് (EDCB) ട്രാൻസ്ഫർ ചെയ്യുന്നു. ചിലപ്പോൾ കാഷ് ആയും അസി. എഞ്ചിനീയർക്ക് തുക നൽകുന്നുണ്ട് (ഉദാ. 22/03/2016ൽ ₹80,00,000/-). പല പ്രവൃത്തികളുടേയും ബില്ലുകൾ ഒരുമിച്ച് ഒരു ചെക്കായാണ് അസി. എഞ്ചിനീയർക്ക് നൽകുന്നത്.

അസി. എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും ചെക്ക് ആയാണ് ഓരോ പ്രവൃത്തിക്കും കരാറുകാരന് തുക നല്കുന്നത്. ചെക്ക് നൽകുന്ന പ്രവണത അടിയന്തിരമായി അവസാനിപ്പിക്കേണ്ടതും ഇടപാടുകാർക്ക് ഡി.ഡി. ആയി പേയ്മെന്റ് നടത്താൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബില്ല്, ഫൈനൽ ബില്ല് എന്നിവ പ്രകാരം തുകകൾ നൽകുന്ന വിവരം ഫയലിൽ ചേർക്കുന്നില്ല. ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക നൽകിയത് എന്നോ, ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക നൽകാനുള്ളത് എന്നത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല.

എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അധികമായി ഉണ്ടായിരുന്ന ₹6,30,679/- (cheque no. 725059/ 15-10-2015) നഗരസഭ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കൂടാതെ 11-08-2016-ൽ ₹6,30,949/- അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. അസി. എഞ്ചിനീയർ നൽകുന്ന റിക്വിസിഷൻ പ്രകാരം മാത്രമാണ് തുകകൾ നൽകുന്നത്. എന്നിട്ടും ഇപ്രകാരം നീക്കിയിരിപ്പുണ്ടാകാനുള്ള വിശദീകരണം നൽകേണ്ടതാണ്.

# 3-5 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ

നഗരസഭ തൻവർഷം 6.62 **കോടി** രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും കോൺക്രീറ്റിംഗ് ആണ്. കൂടാതെ റോഡ് ടാറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്. റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നു. ഭൂരിപക്ഷം റോഡുകളും 40 മീറ്റർ കുറഞ്ഞ നീളത്തിൽ മാത്രമാണ് കോൺക്രീറ്റ് ചെയ്യുന്നത്. കോൺക്രീറ്റ് ചെയുന്ന റോഡുകളുടെ ആകെ നീളം, കോൺക്രീറ്റ് ചെയുന്ന ഭാഗത്തിന്റെ ചെയിനേജ് എന്നിവ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, എസ്റ്റിമേറ്റിലോ, എം.ബുക്കിലോ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ കണ്ട് പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ ഇല്ല. മെയിന്റനൻസ് ചെയ്ത ഭൂരിപക്ഷം റോഡുകളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. പല പ്രൊജക്ടുകൾക്കും ഭരണാനുമതി ലഭിച്ചതായി കാണുന്നില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മെയിന്റനൻസ് ചെയ്യുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതു വരെ എത്ര മീറ്റർ നീളത്തിൽ, എവിടെവരെ, ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും നഗരസഭയിൽ ലഭ്യമല്ല.

പ്രവൃത്തി ചെയ്ത എല്ലാ റോഡുകളുടേയും ആകെ നീളവും പ്രവൃത്തി ചെയ്ത ഭാഗത്തെ ചെയിനേജും ഫയലിലും എം.ബുക്കിലും രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധി ക്കേണ്ടതുമാണ്. ആസ്തി രജിസ്റ്ററിൽ ഇല്ലാത്ത റോഡുകൾ മെയിന്റനൻസ് ചെയ്തത് നിലവിലുള്ള റോഡുകൾ ആണെന്ന് ഉറപ്പാക്കേണ്ടതും ഇവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

# 3-6 പുളിയൻമല പട്ടികജാതി കോളനി ലാൻസ്കേപ്പിംഗ് - സംരക്ഷണഭിത്തി

# നിർമിക്കൽ

10-ാം വാർഡിൽ ഉൾപ്പെടുന്ന പുളിയൻമല-അമ്പലമേട് എന്ന സ്ഥലത്ത് വാങ്ങിയിട്ടുള്ള 1.5 ഏക്കർ സ്ഥലത്തെ മണ്ണ് ലെവലിംങ് ചെയ്ത് സംരക്ഷണഭിത്തി നിർമ്മിച്ച് പട്ടിക ജാതി വിഭാഗക്കാർക്ക് വീട് പണിയുന്നതിനായി നൽകുകയാണ് ലക്ഷ്യം.

തനത് വർഷം രണ്ട് പ്രവൃത്തികളാണ് ഇതിനായി ചെയ്തത്.

1. പ്രൊജക്ട് നമ്പർ 457/16 പ്രകാരം (കൺവീനർ : ശ്രീ. ആനന്ദ്) ലാൻഡ്സ്കേപ്പിംഗിനായി മണ്ണ് ലെവലിംഗ് ചെയ്തതിന് ₹8,01,887/- നൽകിയിട്ടുണ്ട്. 981 ചതുരശ്ര മീറ്റർ സ്ഥലത്ത് 5 മീറ്റർ ഉയരത്തിലാണ് മണ്ണ് ലെവലിംഗ് ചെയ്തത്.

2. പ്രൊജക്ട് നമ്പർ 276/16 പ്രകാരം (കൺവീനർ : ശ്രീ. ആനന്ദ്) 55 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് ₹14,00,000/- ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്.

ആകെ 500 ചതുരശ്ര മീറ്റർ സ്ഥലം മാത്രമാണ് ലെവലിംഗ് ചെയ്തതെന്ന് സ്ഥലം നേരിട്ട് പരിശോധിച്ചപ്പോൾ വ്യക്തമായി. ഇതിന്റെ 2 വശം മാത്രമാണ് സംരക്ഷണ ഭിത്തി നിർമ്മച്ചത്. ഇതിനായി മാത്രം 22.02 **ലക്ഷം** രൂപ ചെലവഴിച്ചു. ഈ സ്ഥലം മുഴുവൻ ലെവലിംഗ് ചെയ്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ഈ സ്ഥലം വാസയോഗ്യമാണോ എന്ന് പഠനം നടത്തുകയോ ചെയ്തിട്ടില്ല. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനമുണ്ടായിരുന്ന രീതിയിൽ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**********************

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല -

# 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ ₹ | |
| ഓഫീസ്-കം-ഷോപ്പിംഗ് | സ.ഉ.1703/14/ ത.സ്വ.ഭ.വ | 3,68,35,008 | 3,68,35,008 | - | 18,38,269 | 3,68,35,008 |

| | | | | | | |
|---|---|---|---|---|---|---|
| കോംപ്ലക്സ് നിർമ്മാണം | തീ.03.05.2014 | | | | | |
| ജവഹർ ഭവനപദ്ധതി | സ.ഉ.294044/ ഡി.ബി.1/15/ ത.സ്വ.ഭ.വ തീ.28.09.2015 | 1,63,60,000 | 1,63,60,00 | - | - | 1,63,60,00 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

# 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

– ഇല്ല –

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | ₹13,88,99,586 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹12,92,82,424 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹6,53,136 |

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,00,000 | ഡോ. ബീന, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 3-2 | 4,53,136 | ശ്രീ. പി. വി. ബിജു, സെക്രട്ടറി |
| ആകെ | 6,53,136 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

– ഇല്ല –

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

– ഇല്ല –

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/ഐ.ഡി.കെ-4/1202/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

Phone : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 03.09.2016.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിന്റെ വകുപ്പ് 295(4), ഇവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ **കട്ടപ്പന നഗരസഭ**യുടെ 01.11.2015 മുതൽ 31.03.2016 വരെയുള്ള ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കട്ടപ്പന നഗരസഭ**യുടെ 01.11.2015 മുതൽ 31.03.2016 വരെയുള്ള ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK/4/1202/2016

Kerala State Audit Department
District Audit Office, Idukki
Thodupuzha,
PH:04862-222372
e-mail:doidk.ksad@kerala.gov.in
Dated:03.09.2016

## AUDIT CERTIFICATE

Certified that I have audited the Financial Statement of KATTAPPANA Municipality in Idukki district ,for the period 01.11.2015 to 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts of Municipalities.

In my opinion, the Financial Statements of KATTAPPANA Municipality for the period from 01.11.2015 to 31.03.2016, except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR
IDUKKI